പ്രചാരണ
ജാഥകൾ തുടങ്ങി

# വർഗീയതയെ പാലൂട്ടിയും
# പീഡന പർവ്വം തുറന്നും

തെരഞ്ഞെടുപ്പ് പ്രചാരണ ജാഥകൾ പുറപ്പെടുമ്പോൾ ഭരണപക്ഷത്തിന് രാഹുൽ ദശ. പ്രതിപക്ഷത്തിനാകട്ടെ സ്വർണ്ണ പ്രതീക്ഷ. ബി.ജെ.പി. സഖ്യത്തിന് സുവർണ്ണ മോഹങ്ങൾ പൂവണിയില്ലെന്ന് ഉറപ്പുള്ളതിനാൽ 'രാഹുൽ ദശ'ക്കാരനെ രക്ഷിച്ചെടുത്താൽ കൊള്ളാമെന്നുണ്ട്. ഇടതുപക്ഷം ജയിച്ചാലും വേണ്ടില്ല. കോൺഗ്രസ്സ് ജയിക്കരുത്. ഭരണപക്ഷത്തിന്റെ എല്ലാ പ്രതീക്ഷയും രാഹുൽ മാങ്കൂട്ടത്തിൽ എന്ന കോൺഗ്രസ്സ് എം.എൽ.എ.യിലാണ്. ഇടതു പക്ഷത്തെ രക്ഷിക്കാൻ വന്ന മാലഖയാണ് രാഹുൽ മാങ്കുട്ടം

അനി കുര്യൻ
രാഷ്ട്രീയ നിരീക്ഷകൻ



തെരഞ്ഞെടുപ്പ് പ്രചാരണ ജാഥകൾക്ക് തുടക്കം കുറിക്കുമ്പോൾ എ. കെ. ബാലന്റെയും സജിചെറിയാന്റെയും നാവിൽ നിന്നും വീണ വർഗീയതയുടെ വിഷം പുരണ്ട വാക്കുകളും അതിന് പ്രചോദനമായി പിണറായിയുടെ പ്രതികരണവും മതേതര കേരളത്തെ നടുക്കി. ഒരു ദിവസത്തെപോലും ആയുസ്സില്ലാതിരുന്ന നായരീഴവ ഐക്യം ഒരു പൊറാട്ടു നാടകവുമായി. ഇനി പീഡന പർവം തുറന്ന് വോട്ടർമാരെ അതിൽ മയക്കി കിടത്തുന്നതോടെ സംബന്ധ നാടകത്തിന് തിരശ്ശീല ഉയരുകയായി. പ്രചാരണത്തിന്റെ പേരിൽ എന്തെല്ലാം കോപ്രായങ്ങൾ നാം കാണാനിരിക്കുന്നു!

തെരഞ്ഞെടുപ്പ് പ്രചാരണ ജാഥകൾ പുറപ്പെടുമ്പോൾ ഭരണപക്ഷത്തിന് രാഹുൽ ദശ. പ്രതിപക്ഷത്തിനാകട്ടെ സ്വർണ്ണ പ്രതീക്ഷ. ബി.ജെ.പി. സഖ്യത്തിന് സുവർണ്ണ മോഹങ്ങൾ പൂവണിയില്ലെന്ന് ഉറപ്പുള്ളതിനാൽ 'രാഹുൽ ദശ'ക്കാരനെ രക്ഷിച്ചെടുത്താൽ കൊള്ളാമെന്നുണ്ട്. ഇടതുപക്ഷം ജയിച്ചാലും വേണ്ടില്ല. കോൺഗ്രസ്സ് ജയിക്കരുത്. ഭരണപക്ഷത്തിന്റെ എല്ലാ പ്രതീക്ഷയും രാഹുൽ മാങ്കൂട്ടത്തിൽ എന്ന കോൺഗ്രസ്സ് എം.എൽ.എ.യിലാണ്. അതല്ലാതെ ഭരണനേട്ടമൊന്നും പറയാനില്ലല്ലോ. രാഹുൽ സഹായിച്ചാൽ മൂന്നാമതൊരിക്കൽ കൂടി ഭരണതുടർച്ചയുണ്ടാകും എന്നാണ് കണക്കുകൂട്ടൽ. അതിന് വേണ്ട എല്ലാ പദ്ധതികളും അണിയറയിൽ ആസൂത്രണം ചെയ്തു വരികയാണ്. നാലാമതൊരു ബലാൽസംഗം കേസ്സ് കൂടി തട്ടി കൂട്ടാനൊക്കുമോ എന്നാണ് ആദ്യത്തെ പരീക്ഷണം. അത് സാധുവായാൽ പ്രചാരണ വേളയിൽ രാഹുലിനെ അറസ്റ്റ് ചെയ്ത് രണ്ടുമൂന്നു ദിവസം നീളുന്ന ഒരു പൊറാട്ട നാടകം അരങ്ങേറാൻ കഴിയും. ചാനലുകൾ അത് കത്തിക്കും. അതിനുവേണ്ടി രാഹുലിന്റെ പെൺബന്ധങ്ങൾ അരിച്ച് പെറുക്കുകയാണ്. ആടുകിടന്നിടത്ത് ഒരു പൂടയെങ്കിലും അവശേഷിക്കുമല്ലൊ. തെരഞ്ഞെടുപ്പ് കാലത്ത് അതുപോലും അമൂല്യമാണ്.

രാഹുൽ നിയമസഭാംഗമായി തുടരുന്നതിന്റെ നൈതികതയെ ചോദ്യം ചെയ്ത് നിയമസഭയിൽ

**ഒരു പ്രമേയം കൊണ്ടുവന്ന മാങ്കൂട്ടത്തെ പുറത്താക്കാൻ എളുപ്പമാണ്. പക്ഷെ ഇനിയുള്ള കാലവും നിയമസഭയുണ്ടാകും. പീഡനകേസ്സുകളുമുണ്ടാകും. അന്നൊക്കെ സി.പി.എം. ഭരണത്തിലില്ലെങ്കിൽ ഇന്നത്തെ പ്പോലെ പീഡനക്കാരെ രക്ഷപ്പെടുത്താനാവില്ലല്ലോ. പലരും നാറും. അതിനാൽ പീഡനക്കാരെ നിയമസഭയിൽ നിന്നും പുറത്താക്കുക എന്നൊരു പുതിയ കീഴ് വഴക്കം സൃഷ്ടിക്കേണ്ട എന്നൊരു നിഗമനത്തിലേയ്ക്ക് സി.പി.എം. എത്തിച്ചേർന്നാലും അതിശയിക്കാനില്ല.**

പ്രമേയം കൊണ്ടുവരികയാണ് അടുത്ത പദ്ധതി. അതിന് വേണ്ടുന്ന നിയമോപദേശങ്ങൾ ലഭിച്ചുകഴിഞ്ഞു. എന്നാലും ഒരു സംശയം ചില സി.പി.എം. നേതാക്കളെയെങ്കിലും അലട്ടുന്നുണ്ട്. ഈ നൈതികത തങ്ങൾക്കും ബാധകമല്ലേ എന്ന ചോദ്യം. ലൈംഗിക പീഡന കേസ്സിൽ കുറ്റപത്രം ലഭിച്ച എം. മുകേഷിനെ എം.എൽ.എ. യായി തുടരാൻ അനുവദിക്കുകയും സമാന പരാതികളിൽ ഉയർന്ന നേതാക്കളെയടക്കം പാർട്ടിതല അന്വേഷണ പ്രഹസനത്തിലൂടെ സംരക്ഷിച്ച് നിർത്തുകയും ചെയ്യുന്ന സി.പി.എമ്മിന് ഇക്കാര്യത്തിൽ കോൺഗ്രസ്സിനെ വിമർശിക്കാനുള്ള ഔന്നത്യമുണ്ടോ എന്ന് അവർ ചിലരെങ്കിലും സ്വയം ചോദിക്കുന്നുണ്ട്. കോൺഗ്രസ്സിൽ ഒരു മാങ്കൂട്ടമേയുള്ളൂ. സി.പി.എമ്മിൽ ഒന്നല്ല, പത്തല്ല....

ഒരു പ്രമേയം കൊണ്ടുവന്ന് മാങ്കൂട്ടത്തെ പുറത്താക്കാൻ എളുപ്പമാണ്. പക്ഷെ ഇനിയുള്ള കാലവും നിയമസഭയുണ്ടാകും. പീഡനകേസ്സുകളുമുണ്ടാകും. അന്നൊക്കെ സി.പി.എം. ഭരണത്തിലില്ലെങ്കിൽ ഇന്നത്തെ പ്പോലെ പീഡനക്കാരെ രക്ഷപ്പെടുത്താനാവില്ലല്ലോ. പലരും നാറും. അതിനാൽ പീഡനക്കാരെ നിയമസഭയിൽ നിന്നും പുറത്താക്കുക എന്നൊരു പുതിയ കീഴ് വഴക്കം സൃഷ്ടിക്കേണ്ട എന്നൊരു നിഗമനത്തിലേയ്ക്ക് സി.പി.എം. എത്തിച്ചേർന്നാലും അതിശയിക്കാനില്ല.

മാത്രവുമല്ല പ്രമേയം കൊണ്ടുവരുന്ന മുഹൂർത്തത്തിൽ രാഹുൽ രാജിവച്ചാൽ അത് തിരിച്ചടിയാകും. കോൺഗ്രസ്സിന്റെ പ്രതിഛായ ഒന്നുകൂടി ഉയരും. ആദ്യ പീഡന പരാതിവന്നപ്പോൾ രാഹുലിനെ യൂത്ത് കോൺഗ്രസ്സ് സംസ്ഥാന പദവിയിൽ നിന്ന് നീക്കുകയും പാർട്ടിയിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്ത കോൺഗ്രസ്സ നേതൃത്വം രണ്ടാമത്തെ പരാതി വന്നപ്പോൾ പാർട്ടിയിൽ നിന്ന് പുറത്താക്കുകയും ചെയ്തു. ശ്ളാഘനീയമായ ആ നിലപാട് സ്വീകരിച്ച കോൺഗ്രസ്സ് നിയമസഭയിൽ പ്രമേയം വന്നാൽ രാഹുലിനോട് രാജി ആവശ്യപ്പെടുകതന്നെ ചെയ്യും. പാർട്ടി നിർദ്ദേശത്തിന് വഴങ്ങി രാഹുൽ നിയമസഭാംഗത്വത്തിൽ നിന്ന്



ഒഴിയുമെന്ന കാര്യത്തിലും സംശയം വേണ്ട. ഇതെല്ലാം കോൺഗ്രസ്സിന്റെ ഗ്രാഫ് ഉയർത്തുകയേയുള്ളൂ. അതിനാൽ നിയമസഭയിൽ നിന്നും രാഹുലിനെ പുറത്താക്കാനുള്ള നീക്കം എൽ.ഡി.എഫിന് ഒരുതരത്തിലും ഗുണകരമായിരിക്കില്ല. അഥവാ പുറത്താക്കിയാൽ കേരള നിയമസഭയുടെ ചരിത്രത്തിൽ സഭയിൽ നിന്നും പുറത്താക്കപ്പെടുന്ന ആദ്യ എം.എൽ.എ യായിരിക്കും രാഹുൽ. ഇങ്ങനെ അങ്ങേയറ്റം നാണംകെട്ട് പുറത്തുപോകുന്നതിനെക്കാൾ നല്ലത് നേരത്തെ സ്വയമേവ രാജിവച്ചൊഴിയുകയാണ്. അപഥ സഞ്ചാരികളെ നേതൃപദവികളിൽ നിന്ന് മാത്രമല്ല പ്രവർത്തക നിരയിൽ നിന്നുപോലും മാറ്റി നിർത്താൻ പ്രസ്ഥാനങ്ങൾക്ക് കഴിയണം. ഇല്ലെങ്കിൽ പാർട്ടി പ്രതിനിധാനം ചെയ്യുന്ന മൂല്യങ്ങൾക്ക് വിലയില്ലാതാകും. (തെരഞ്ഞെടുപ്പാക്കൽ സി.പി.എം. മൂല്യങ്ങൾ മറക്കും. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ന്യൂനപക്ഷ വർഗ്ഗീയത ഇളക്കിവിട്ടാണ് അധികാരം പിടിച്ചതെങ്കിൽ ഇക്കുറി ഭൂരിപക്ഷ വർഗീയതയാണ് അവരുടെ തുറുപ്പ് ചീട്ട്. പിണറായിയും എ.കെ.ബാലനും സജി ചെറിയാനും പച്ചയ്ക്ക് വർഗീയത പറയുന്നത് നടുക്കത്തോടെയാണ് കേരളം കേട്ടത്. നായരീഴവ ഐക്യമൊക്കെ പടച്ചുവിട്ടത് അതിനുവേണ്ടിയാണ്. അപകടം മനസ്സിലാക്കി എൻ.എസ്.എസ്. തലയൂരുന്നതും നമ്മൾ കണ്ടു. ഈ മറിമായങ്ങലെല്ലാം അരങ്ങ് തകർക്കുമ്പോൾ പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ വാക്കുകളാണ് ഏറ്റവും ആശ്വാസകരമായത്. തെരഞ്ഞെടുപ്പിൽ തോറ്റാലും ശരി വർഗീയതയെ പിന്താങ്ങാൻ യു.ഡി.എഫിനെ കിട്ടില്ല? അതായിരുന്നു സംശുദ്ധ രാഷ്ട്രീയത്തിന്റെ കാഹളം. പ്രബുദ്ധ കേരളത്തിന്റെ ശബ്ദം

സതീശന്റെ തന്നെ വാക്കുകൾ തുടരുന്നു തെരഞ്ഞെടുപ്പുകൾ വരും പോകും. പിണറായിയും വി.ഡി. സതീശനുമൊക്കെ ഓർമ്മയാകും. അപ്പോഴും നമ്മളുടെ മക്കളും അവരുടെ മക്കളും ഏകോദര സഹോദരങ്ങളെപോലെ ജീവിക്കാണം. അതിന് വേണ്ടിയാകണം നമ്മുടെ രാഷ്ട്രീയം.

ഈ മറിമായങ്ങലെല്ലാം അരങ്ങ് തകർക്കുമ്പോൾ പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ വാക്കുകളാണ് ഏറ്റവും ആശ്വാസകരമായത്. തെരഞ്ഞെടുപ്പിൽ തോറ്റാലും ശരി വർഗീയതയെ പിന്താങ്ങാൻ യു.ഡി.എഫിനെ കിട്ടില്ല? അതായിരുന്നു സംശുദ്ധ രാഷ്ട്രീയത്തിന്റെ കാഹളം. പ്രബുദ്ധ കേരളത്തിന്റെ ശബ്ദം. സതീശന്റെ തന്നെ വാക്കുകൾ തുടരുന്നു തെരഞ്ഞെടുപ്പുകൾ വരും പോകും. പിണറായിയും വി.ഡി. സതീശനുമോക്കെ ഓർമ്മയാകും. അപ്പോഴും നമ്മളുടെ മക്കളും അവരുടെ മക്കളും ഏകോദര സഹോദരങ്ങളെപോലെ ജീവിക്കണം. അതിന് വേണ്ടിയാകണം നമ്മുടെ രാഷ്ട്രീയം.